| 26-11-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ :- നിങ്ങൾ ത്രിമൂർത്തി പിതാവിന്റെ കുട്ടികളാണ്, നിങ്ങൾക്ക് സ്ഥാപന, വിനാശം, പാലന ഈ മൂന്ന് കർത്തവ്യങ്ങളും ഓർമ്മയുണ്ടായിരിക്കണം.**

**ചോദ്യം :-** ദേഹാഭിമാനത്തിന്റെ കടുത്ത അസുഖം പിടിപെടുന്നതിലൂടെ എന്തെല്ലാം നഷ്ടം ഉണ്ടാകുന്നു?
**ഉത്തരം:-** 1 ദേഹാഭിമാനമുള്ളവർക്ക് ഉള്ളിൽ അസൂയ ഉണ്ടായിരിക്കും. അസൂയയുള്ളതു കാരണം പരസ്പരം ഉപ്പുവെള്ളം പോലെയാകും( സഹകരണമുണ്ടാകില്ല). സ്നേഹത്തോടെ സേവനം ചെയ്യുവാൻ കഴിയില്ല. ഉള്ളിന്റെയുള്ളിൽ എരിഞ്ഞുകൊണ്ടിരിക്കും. 2 കൂസലില്ലാത്തവരായിരിക്കും. മായ അവരെ വളരെയധികം ചതിക്കും. പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കെ തണുത്തു പോകും, അതുകാരണം പഠിപ്പു തന്നെ ഉപേക്ഷിക്കും. 3 ദേഹാഭിമാനം കാരണം ഹൃദയം ശുദ്ധമായിരിക്കില്ല, ഹൃദയം ശുദ്ധമല്ലാത്തതു കാരണം ബാബക്ക് പ്രിയപ്പെട്ടവരാകാൻ സാധിക്കില്ല. 4 മൂഡ് ഓഫ് ആകുന്നവരായിരിക്കും. അവരുടെ മുഖഭാവം തന്നെ പെട്ടെന്ന് മാറും.

**ഓം ശാന്തി**. ബാബയെ മാത്രമേ ഓർമ്മിക്കുന്നുള്ളുവോ, അതോ മറ്റെന്തെങ്കിലും ഓർമ്മിക്കുന്നുണ്ടോ? കുട്ടികൾ സ്ഥാപന, പാലന, വിനാശം ഈ മൂന്ന് കാര്യങ്ങളും ഓർമ്മിക്കണം, കാരണം മൂന്നും ഒരുമിച്ചു നടക്കുകയാണ്. നിയമം പഠിക്കുന്ന ആളിന്, ഞാൻ പഠിച്ച് വക്കീലാകും, വക്കാലത്തും നടത്തും എന്ന് അറിയാമല്ലോ. പഠിച്ചത് അഭ്യസിപ്പിക്കുകയും ചെയ്യുമല്ലോ? പഠിക്കുന്നവർക്ക് ലക്ഷ്യം മുൻപിൽ ഉണ്ടായിരിക്കും. നിങ്ങൾക്കറിയാം നാം പുതിയ ലോകം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണെന്ന് . പവിത്രമായ പുതിയ ലോകം സ്ഥാപിക്കുന്നതിന് യോഗബലം തീർച്ചയായും വേണം. പതിതമായ ആത്മാവ് പാവനമാകുന്നതിനുവേണ്ടി യോഗം ചെയ്യണം. നമ്മൾ പവിത്രമായി പവിത്രമായ രാജ്യം ഭരിക്കും ഇക്കാര്യം ബുദ്ധിയിലുണ്ടായിരിക്കണം. സർവ്വ പരീക്ഷകളിലും വച്ച് ഏറ്റവും ഉയർന്ന പരീക്ഷയും, സർവ്വ പഠിപ്പിലും വച്ച് ഏറ്റവും ഉയർന്ന പഠിപ്പുമാണിത്. പല പ്രകാരത്തിലുള്ള പഠിപ്പുകളുണ്ട്. അതെല്ലാം മനുഷ്യർ മനുഷ്യരെ പഠിപ്പിക്കുന്നതാണ്, മാത്രമല്ല അതെല്ലാം ഇവിടെ ജീവിക്കുന്നതിനു വേണ്ടിയുള്ളതാണ്. പഠിച്ചു കഴിഞ്ഞാൽ അതിന്റെ ഫലം ഇവിടെത്തന്നെ ലഭിക്കും. ഈ പരിധിയില്ലാത്ത പഠിപ്പിന്റെ ഫലം നമുക്ക് കിട്ടുന്നത് പുതിയ ലോകത്തിലാണെന്ന് നിങ്ങൾക്കറിയാം. ആ പുതിയ ലോകം ഒരുപാടു ദൂരെയല്ല. ഇപ്പോൾ സംഗമയുഗമാണ്. പുതിയ ലോകത്തിൽ തന്നെ നമുക്ക് രാജ്യം ഭരിക്കണം. ഇവിടെ ഇരുന്നാലും ഇക്കാര്യം കൂടി ഓർമ്മിക്കണം. ബാബയെ ഓർമ്മിക്കുമ്പോൾ തന്നെയാണ് ആത്മാവ് പവിത്രമാകുന്നത്. നമ്മൾ പവിത്രമാകുമ്പോൾ അപവിത്ര ലോകം നശിക്കും എന്ന കാര്യം കൂടി ഓർമ്മിക്കണം. എല്ലാവരും പവിത്രമാകില്ല. നിങ്ങൾ കുറച്ചു പേർക്കു മാത്രമേ ശക്തിയുള്ളു. നിങ്ങളും നമ്പർവാർ ശക്തിയനുസരിച്ചാണ് സൂര്യവംശിയും ചന്ദ്രവംശിയുമാകുന്നത്. ഒരോ കാര്യത്തിനും ശക്തി വേണം. ഈശ്വരീയ ശക്തിയെത്തന്നെയാണ് യോഗബലത്തിന്റെ ശക്തി എന്ന് പറയുന്നത്. ബാക്കിയെല്ലാം ഭൗതികശക്തികളാണ്. ഇതാണ് ആത്മീയശക്തി. എല്ലാ കല്പത്തിലും ബാബ പറയുന്നു- കുട്ടികളേ, എന്നെ മാത്രം ഓർമ്മിക്കൂ. ഒരു ബാബയെ ഓർമ്മിക്കുമ്പോൾ തന്നെയാണ് ആത്മാവ് പവിത്രമാകുന്നത്. ഇതെല്ലാം ധാരണ ചെയ്യുവാനുള്ള നല്ല നല്ല കാര്യങ്ങളാണ്. നമ്മൾ 84 ജന്മങ്ങൾ എടുത്തുവെന്ന് നിശ്ചയമില്ലാത്തവർക്ക് ഇക്കാര്യങ്ങളൊന്നും ബുദ്ധിയിലിരിക്കില്ല. സതോപ്രധാന ലോകത്തിൽ വന്നവർ ഇപ്പോൾ തമോപ്രധാനമായി. അവർ തന്നെയാണ് പെട്ടെന്ന് നിശ്ചയബുദ്ധിയുള്ളവരാകുന്നത്. ഒന്നും മനസ്സിലാകുന്നില്ലായെങ്കിൽ ചോദിക്കണം. പൂർണ്ണമായും മനസ്സിലാക്കിയവരാണെങ്കിൽ ബാബയേയും ഓർമ്മിക്കും. മനസ്സിലാക്കിയില്ലെങ്കിൽ ഓർമ്മിക്കില്ല. ഇത് നേരായ കാര്യമാണ്. സതോപ്രാധാനമായിരുന്ന നമ്മൾ ആത്മാക്കൾ തമോപ്രധാനമായി. നമ്മൾ 84 ജന്മങ്ങളെക്കുറിച്ച് എങ്ങനെ മനസ്സിലാക്കും, നമുക്ക് ബാബയിൽ നിന്നും കൽപം മുൻപെന്നപോലെ സമ്പത്ത് കിട്ടും, ഇക്കാര്യത്തിൽ സംശയമുള്ളവർക്ക് പഠിത്തത്തിൽ ശ്രദ്ധിലുവാകാൻ കഴിയില്ല. അവർക്ക് ഭാഗ്യമില്ല എന്ന് ബാബ മനസ്സിലാക്കും. കൽപം മുൻപും മനസ്സിലാക്കിയിട്ടില്ല. അതുകൊണ്ട് ഇപ്പോഴും ഒർമ്മിക്കുന്നില്ല. ഈ പഠിപ്പ് ഭാവിയിലേക്കു വേണ്ടിയാണ്. പഠിച്ചില്ലെങ്കിൽ, കൽപം മുൻപും പഠിക്കാതെ നിസ്സാരമായ മാർക്കു വാങ്ങിയിട്ടുണ്ടാകുമെന്ന് മനസ്സിലാക്കും. സ്കൂളുകളിൽ പഠിക്കുന്നവരിലും ചിലരൊക്കെ തോൽക്കാറുണ്ട്. പാസ്സാകുന്നതും നമ്പർക്രമമാണ്. ഈ പഠിപ്പിലും നമ്പർക്രമമാണ്. സമർത്ഥരായവർ നല്ലതുപോലെ പഠിക്കുകയും ,പഠിപ്പിക്കുകയും ചെയ്യും. ബാബ പറയുന്നു, ഞാൻ നിങ്ങൾ കുട്ടികളുടെ സേവകനാണ്. കുട്ടികളും പറയുന്നു, ഞങ്ങളും സേവകരാണ്. ഒരോ സഹോദരീ സഹോദരന്മാരുടേയും മംഗളം ചെയ്യണം. ബാബ നമ്മുടെ മംഗളം ചെയ്യുന്നു, നമ്മൾ മറ്റുള്ളവരുടേയും മംഗളം ചെയ്യണം. ബാബയെ ഓർമ്മിച്ചാൽ സർവ്വപാപങ്ങളും നശിക്കും എന്ന് മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കണം. എത്ര പേർക്ക് സന്ദേശം കൊടുക്കുന്നുവോ അവർ വലിയ സന്ദേശവാഹകരാകും. അങ്ങനെയുള്ളവരെയാണ്

മഹാരഥികളെന്നും, കുതിരസവാരിക്കാരനായ പോരാളിയെന്നും പറയുന്നത്. കാലാൾ പടയാളികൾ പ്രജകളുടെ കൂട്ടത്തിൽ വരും. ഇവിടെയും ആരെല്ലാം സമ്പന്നരാകും എന്ന് കുട്ടികൾക്കറിയാം. ഈ ജ്ഞാനം ബുദ്ധിയിലുണ്ടായിരിക്കണം. നിങ്ങൾ കുട്ടികൾ സേവനം ചെയ്യുവാൻ നിമിത്തമായിരിക്കുകയാണ്, സേവനത്തിനു വേണ്ടി ജീവിതം നൽകിയിരിക്കുകയാണ് അതുകൊണ്ട് അതുപോലെയുള്ള പദവിയും നേടും. അവർക്ക് ആരെക്കുറിച്ചും ചിന്തയുണ്ടായിരിക്കില്ല. മനുഷ്യന് സ്വന്തം കൈകാലുകളുണ്ടല്ലോ. ബന്ധിക്കപ്പെട്ടാൽ നടക്കാൻ കഴിയില്ലല്ലോ. സ്വയം സ്വതന്ത്രരാകുവാൻ സാധിക്കും. ഞാനെന്തിന് ബന്ധനങ്ങളിൽ കുടുങ്ങണം? ബാബയിൽ നിന്നും അമൃതം കുടിച്ച് എന്തുകൊണ്ട് മറ്റുള്ളവർക്കും വിതരണം ചെയ്തു കൂടാ? ആരെങ്കിലും ബന്ധിച്ചിടുവാൻ ഞാനെന്താ ആടാണോ? യജ്ഞത്തിന്റെ ആരംഭത്തിൽ നിങ്ങൾ കുട്ടികൾ എങ്ങിനെയാണ് സ്വയം ബന്ധനമുക്തരായത്? ഉദ്ഘോഷിച്ചു, അയ്യോ, അയ്യോ വിളികളെല്ലാം ഉണ്ടായിരുന്നു. നിങ്ങൾ പറയും, നമുക്ക് എന്താണ് ചിന്തിക്കാനുള്ളത്, നമുക്ക് സ്വർഗ്ഗം സ്ഥാപിയ്ക്കണോ അതോ ഇത്തരം ജോലി ചെയ്തുകൊണ്ടിരിക്കണോ? ഈ ലഹരി കയറും, ഈ ലഹരിയെയാണ് പ്രഭുവിന്റെ ലഹരി എന്ന് പറയുന്നത്. നമ്മൾ പ്രഭുവിൽ ലഹരിയുള്ളവരാണ്. പ്രഭുവിൽ നിന്നും നമുക്കെന്താണു പ്രാപ്തമാകുന്നത് എന്നറിയാം. പ്രഭു നമ്മളെ പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്. പ്രഭുവിന് ഒരുപാട് പേരുകളുണ്ട്... അതിൽ ചിലതൊക്കെ വളരെ മധുരമായ പേരുകളാണ്. ഇപ്പോൾ നമ്മൾ ഈശ്വരീയ ലഹരിയിലാണ്. ബാബ തരുന്ന നിർദ്ദേശങ്ങളെല്ലാം വളരെ എളുപ്പമുള്ളതാണ്. ബുദ്ധിയും മനസ്സിലാക്കുന്നുണ്ട്– നമ്മൾ ബാബയെ ഓർമ്മിച്ചോർമിച്ച് സതോപ്രധാനമാകും, വിശ്വത്തിന്റെ അധികാരികളാകും –ഈ ലഹരി കയറിയിരിക്കുകയാണ്. ഓരോ നിമിഷവും ബാബയെ ഓർമ്മിക്കണം. നിങ്ങൾ അടുത്തിരിക്കുകയല്ലേ? ഇവിടെ നിന്നും പുറത്തിറങ്ങിക്കഴിയുമ്പോൾ എല്ലാം മറക്കും. നിങ്ങളിതൊന്നും മറക്കുവാൻ പാടില്ല. പക്ഷേ ഭാഗ്യമില്ലെങ്കിൽ ഇവിടെയിരിക്കുമ്പോഴേ മറന്നു പോകും.

കുട്ടികൾ മ്യൂസിയത്തിലും ഗ്രാമ ഗ്രാമങ്ങളിലും സേവനം ചെയ്യുവാനുള്ള തയ്യാറെടുപ്പുകൾ നടത്തുകയാണ്. ബാബ പറയുന്നു,എത്ര സമയം ലഭിക്കുന്നുവോ, വേഗം വേഗം കാര്യങ്ങൾ ചെയ്യൂ. പക്ഷേ ഡ്രാമയിൽ കാര്യങ്ങൾ വേഗത്തിൽ നടക്കില്ല. ബാബ പറയുന്നു, കൈ വെക്കുമ്പോഴേക്കും സാധനങ്ങൾ തയ്യാറാകണം അങ്ങിനെയുള്ള് മെഷീനറി വേണം. നല്ല കുട്ടികളെ മായ മൂക്കിനും, ചെവിക്കും പിടിക്കും. മഹാവീരനാണെന്ന് വിചാരിക്കുന്നവർക്കും മായയുടെ കൊടുങ്കാറ്റ് ധാരാളം വരുന്നുണ്ട് പിന്നെ അവർ ആരേയും വക വയ്ക്കുന്നില്ല. ഒളിപ്പിക്കുന്നു. ആന്തരിക ഹൃദയത്തിൽ സത്യതയില്ല. സത്യമായ ഹൃദയമുള്ളവർക്ക് സ്കോളർഷിപ്പ് കിട്ടും. ചെകുത്താന്റെ ഹൃദയമുള്ളവർക്ക് മുന്നോട്ടുപോകാൻ കഴിയില്ല. ചെകുത്താന്റെ ഹൃദയമുള്ളവർ തന്റെ തന്നെ തോണിയെ മുക്കിക്കളയുന്നു.എല്ലാവർക്കും ശിവബാബയുമായാണ് കാര്യം. ഇവിടെ നിങ്ങൾക്ക് സാക്ഷാത്കാരം കിട്ടാറുണ്ട്. ബ്രഹ്മാവിനെ തയ്യാറാക്കുന്നതും ശിവബാബയാണ്. ശിവബാബയെ ഓർമ്മിച്ചാൽ ഇങ്ങനെയാകാം (ലക്ഷ്മീനാരായണൻ). മായ വളരെ ശക്തിശാലിയാണെന്ന് ബാബ മനസ്സിലാക്കിത്തരുന്നു. എലി കടിക്കുമ്പോൾ അറിയില്ല അതുപോലെ മായയും പ്രസരിപ്പുള്ള എലിയാണ്. മഹാരഥികളും സൂക്ഷിക്കണം. . മായ നമ്മളെ വീഴ്ത്തിയെന്ന്, ഉപ്പുവെള്ളമാക്കിയെന്ന് അവർക്ക് മനസ്സിലാകില്ല. ഉപ്പുവെള്ളമായാൽ ബാബയുടെ സേവനം ചെയ്യുവാൻ സാധിക്കില്ലെന്ന് ഓർമ്മ വേണം. ഉള്ളിൽ എരിഞ്ഞുകൊണ്ടിരിക്കും. അവർക്ക് അവസ്ഥ ഉണ്ടായിരിക്കില്ല. ഓർമ്മയുടെ മൂർച്ച വരില്ല. അതുകൊണ്ട് വളരെയധികം സൂക്ഷിക്കണം. മായ വളരെ തീവ്രമായി ആക്രമിക്കും. നിങ്ങൾ യുദ്ധമൈതാനത്തിൽ നിൽക്കുന്നതുകൊണ്ട് മായയും വിടില്ല. പകുതി മുക്കാലും നശിപ്പിച്ചിട്ടും പലർക്കും അറിയുന്നതു പോലുമില്ല. എത്രയോ നല്ല കുട്ടികൾ, പുതിയ കുട്ടികൾ പഠിപ്പ് ഉപേക്ഷിച്ച് വീട്ടിലിരിക്കുന്നു. പ്രസിദ്ധരായവരോടും മായ യുദ്ധം ചെയ്യുന്നു. ഇതൊക്കെ മനസ്സിലാക്കിയാലും അലസരായിരിക്കുന്നവരും ഉണ്ട്. ചെറിയ കാര്യത്തിൽ പെട്ടെന്നുതന്നെ ഉപ്പുവെള്ളമാകുന്നു. ബാബ പറഞ്ഞുതരുന്നു, ഉപ്പുവെള്ളമാകുവാൻ കാരണം ദേഹാഭിമാനമാണ്. സ്വയം തന്നെ ചതിക്കുന്നു. ബാബ പറയും ഇതും ഡ്രാമയാണ്. കൽപം മുൻപ് നടന്ന അതേ കാര്യങ്ങൾ തന്നെയാണ് കാണുന്നത്. അവസ്ഥ ഉയർന്നും താഴ്ന്നുമിരിക്കും. ചിലപ്പോൾ ഗ്രഹപ്പിഴ വരുന്നു, ചിലപ്പോൾ നല്ലതു പോലെ സേവനം ചെയ്ത് ശുഭവാർത്ത ബാബയ്ക്ക് എഴുതുന്നു. താഴെയും മുകളിലുമായി ഇങ്ങനെ അവസ്ഥ മാറിക്കൊണ്ടിരിക്കും. ചിലപ്പോൾ പരാജയപ്പെടും. ചിലപ്പോൾ ജയിക്കും. പാണ്ഡവരാണ് മായയോടു ചിലപ്പോൾ തോൽക്കുന്നതും ചിലപ്പോൾ ജയിക്കുന്നതും. നല്ല നല്ല മഹാരഥികൾ പോലും കുലുങ്ങിപ്പോകുന്നു. ചിലർ മരിച്ചു പോകുന്നു(ജ്ഞാനം വിട്ടുപോകുന്നു). അതുകൊണ്ട് എവിടെയിരുന്നാലും ബാബയെ ഓർമ്മിക്കൂ, സേവനം ചെയ്യൂ. സേവനം ചെയ്യുവാൻ നിമിത്തമായവർ നിങ്ങളാണ്. നിങ്ങൾ യുദ്ധമൈതാനത്തിലാണ്. ഗൃഹസ്ഥികളായ ബാബയുടെ കുട്ടികൾക്ക് സെന്ററിൽ താമസിക്കുന്നവരേക്കാളും നന്നായി മുന്നോട്ടു പോകുവാൻ സാധിക്കും. മായയുമായി നല്ല പോലെ യുദ്ധം നടക്കുകയാണ്. കൽപം മുൻപെന്നപോലെ ഓരോ സെക്കന്റിലും നിങ്ങൾ പാർട്ട് അഭിനയിക്കുകയാണ്. നിങ്ങൾ പറയും ഇത്രയും

സമയം കഴിഞ്ഞു, അതിനിടയിൽ എന്തെല്ലാം നടന്നു, ഇതെല്ലാം ബുദ്ധിയിലുണ്ട്. ബാബയിൽ ജ്ഞാനം ഉള്ളതു പോലെ ഈ ദാദയിലും ഉണ്ടായിരിക്കണം. ബാബ സംസാരിക്കുമ്പോൾ ഈ ദാദയും തീർച്ചയായും സംസാരിക്കുന്നുണ്ട്. ശുദ്ധ ഹൃദയമുള്ളവർ ആരെല്ലാമാണെന്ന് നിങ്ങൾക്കുമറിയാം. ശുദ്ധഹൃദയമുള്ളവർ ബാബയുടെ ഹൃദയത്തിൽ ഇരിക്കും. അവർക്ക് പിണങ്ങുന്ന സ്വഭാവം ഉണ്ടാകില്ല. സദാ ഹർഷിതമുഖമുള്ളവരായിരിക്കും. അവരുടെ സ്ഥിതി ഒരിക്കലും താഴില്ല. ഇവിടെ ചിലരുടെ അവസ്ഥ ചിലപ്പോൾ മാറാറുണ്ട്, അക്കാര്യത്തെക്കുറിച്ച് പറയുകയേ വേണ്ട. ഈ സമയത്ത് നമ്മൾ പതിതരാണെന്ന് പറയുന്നുമുണ്ടല്ലോ ഇപ്പോൾ പാവനമാക്കുന്നതിനു വേണ്ടി പതിത പാവനനെ വിളിക്കുന്നുമുണ്ട്. ബാബ പറയുന്നു– കുട്ടികളേ, എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വസ്ത്രം ശുദ്ധമാകും. എന്റെ ശ്രീമതം അനുസരിക്കൂ. ശ്രീമതം അനുസരിക്കാത്തവരുടെ വസ്ത്രം ശുദ്ധമാകില്ല. ആത്മാവ് ശുദ്ധമാകുന്നതേയില്ല. ബാബ രാത്രിയും പകലും ഈ കാര്യത്തിൽ ഊന്നൽ തരുന്നു – ഞാൻ ആത്മാവാണ് എന്ന് മനസ്സിലാക്കൂ. ദേഹാഭിമാനം വരുമ്പോഴാണ് നിങ്ങൾ ക്ഷീണിക്കുന്നത്. അവസ്ഥ ഉയരുന്നതിനനുസരിച്ച് സന്തുഷ്ടരാകും, ഹർഷിതമുഖമുള്ളവരാകും. ബാബയ്ക്കറിയാം നല്ല നല്ല ഫസ്റ്റ് ക്ളാസ്സ് കുട്ടികളാണ്, പക്ഷേ ആന്തരിക സ്ഥിതി നോക്കിയാൽ ഉരുകുകയാണ്. ദേഹാഭിമാനത്തിന്റെ അഗ്നി ഉരുക്കുകയാണ്. അസുഖം എങ്ങനെ വന്നുവെന്നു പോലും മനസ്സിലാക്കുന്നില്ല. ബാബ പറയുന്നു – ദേഹാഭിമാനമാണ് ഈ അസുഖത്തിന് കാരണം. ദേഹീഅഭിമാനിക്ക് ഒരിക്കലും അസുഖം വരില്ല. ഒരുപാടു പേർ ഉള്ളിൽ കത്തിക്കൊണ്ടിരിക്കുന്നുണ്ട്. ബാബ പറയുന്നു, കുട്ടികളേ ദേഹീഅഭിമാനിയായി ഭവിക്കൂ. ചോദിക്കുകയാണ് ഈ രോഗം വന്നതെന്തുകൊണ്ടാണ്? ബാബ പറയുന്നു, ഈ ദേഹാഭിമാനത്തിന്റെ അസുഖം ഇങ്ങിനെയാണ്, ചോദിക്കുകയേ വേണ്ട. ചിലർക്കീ അസുഖം വന്നാൽ ഒട്ടിപ്പിടിച്ചതുപോലെയാണ്, വിട്ടുപോകുന്നതേയില്ല. ശ്രീമതം അനുസരിക്കാതെ ദേഹാഭിമാനിയായി നടന്നാൽ വളരെ വലിയ മുറിവാണുണ്ടാകുന്നത്. ബാബയുടെ അടുക്കൽ എല്ലാ വിവരങ്ങളും എത്താറുണ്ട്. എങ്ങനെ മായ മൂക്കിനു പിടിച്ചു തള്ളുന്നു, ബുദ്ധിയെ അടിച്ചു താഴ്ത്തുന്നു. സംശയബുദ്ധിയാകുന്നു. കല്ലു ബുദ്ധിയിൽ നിന്നും പവിഴ ബുദ്ധിയുള്ളവരാക്കൂ എന്ന് പറഞ്ഞ് ഭഗവാനെ വിളിച്ചിട്ട് ഭഗവാനു വിരുദ്ധമായി മാറുന്നു. അപ്പോൾ ഗതിയെന്താകും. പൂർണ്ണമായും അധഃപതിച്ച് കല്ലുബുദ്ധികളാകും. സ്റ്റുഡന്റ് ലൈഫ് ഈസ് ദി ബെസ്റ്റ് ലൈഫ് (വിദ്യാർത്ഥി ജീവിതമാണ് ഏറ്റവും ശ്രേഷ്ഠമായ ജീവിതം), അതുകൊണ്ട് നിങ്ങൾക്ക് ഇവിടെയിരിക്കുമ്പോൾ വളരെയധികം സന്തോഷം വേണം. ഇതിനേക്കാൾ ഉയർന്ന പഠിപ്പ് വേറെ ഉണ്ടാകുമോ എന്ന് ബാബ ചോദിക്കുന്നു. ഏറ്റവും ശ്രേഷ്ഠമായ പഠിപ്പ് ഇതാണ്. 21 ജന്മത്തേക്ക് ഫലം തരുന്നു. ഈ പഠിപ്പിൽ അത്രയും ശ്രദ്ധിക്കണം. ചിലർ അല്പം പോലും ശ്രദ്ധിക്കുന്നില്ല. മായ മൂക്കും ചെവിയും ഒക്കെ മുറിച്ചു കളയുന്നു. ബാബ തന്നെ പറയുകയാണ് അരകൽപമായി രാജ്യം ഭരിക്കുന്നത് മായയായതിനാൽ വളരെ ശക്തമായി മായ പിടിക്കും. അക്കാര്യം പറയുകയേ വേണ്ട. അതുകൊണ്ട് വളരെയധികം ശ്രദ്ധിക്കണം. പരസ്പരവും ശ്രദ്ധ ഉണർത്തണം. ശിവബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ മായ മൂക്കും ചെവിയും മുറിച്ചു കളയും. പിന്നെ ഒരു ഉപയോഗവുമില്ലാത്തവരാകും. നമ്മൾ ലക്ഷ്മീ നാരായണന്റെ പദവി നേടുമെന്ന് വളരെപ്പേർ വിചാരിക്കുന്നുണ്ട്. അത് അസാദ്ധ്യമാണ്. ക്ഷീണിച്ചു തോറ്റുപോകുന്നു. മായയോടു പരാജയപ്പെട്ട് പൂർണ്ണമായും അഴുക്കുചാലിൽ വീഴുന്നു. ശ്രദ്ധിക്കൂ – നമ്മുടെ ബുദ്ധി ഇളകുന്നുണ്ടെങ്കിൽ മായ മൂക്കിന് പിടിച്ചുവെന്ന് മനസ്സിലാക്കണം. ഓർമ്മയുടെ യാത്രയിലാണ് ബലമുള്ളത്. വളരെ സന്തോഷവും ഉണ്ടാകും. സന്തോഷം പോലൊരു ഔഷധമില്ലെന്ന് പറയാറുണ്ട്. കടയിൽ ഉപഭോക്താക്കൾ വന്നു കൊണ്ടിരിക്കുമ്പോൾ, സമ്പാദിച്ചുകൊണ്ടിരിക്കുമ്പോൾ ക്ഷീണം തോന്നാറില്ല. വിശന്നു മരിക്കാറില്ല. നല്ല സന്തോഷമായിരിക്കും. നിങ്ങൾക്കും അളവില്ലാത്ത ധനം കിട്ടുകയാണ്. നിങ്ങൾക്കും നല്ല സന്തോഷം ഉണ്ടാകണം. നമ്മുടെ പെരുമാറ്റം ദൈവീകമാണോ ആസുരീയമാണോ എന്ന് പരിശോധിക്കണം. സമയം കുറച്ചേയുള്ളൂ. അകാലമരണങ്ങളും മൽസരിച്ച് നടന്നു കൊണ്ടിരിക്കുകയാണ്. അപകടമരണങ്ങൾ എത്രയാണ് നടക്കുന്നത്? ബുദ്ധി തമോപ്രധാനമായിക്കൊണ്ടിരിക്കുന്നു. ശക്തമായ പേമാരിയുണ്ടാകും. അതിനെയെല്ലാം പ്രകൃതിയുണ്ടാ ക്കുന്ന ദുരന്തങ്ങൾ എന്ന് പറയും. മരണം തൊട്ടുമുന്നിൽ വന്നു കഴിഞ്ഞു. ആറ്റം ബോംബുകൾ ഉപയോഗിച്ചുള്ള യുദ്ധം തുടങ്ങും എന്ന് മനസിലാക്കുന്നുമുണ്ട്. ഇങ്ങനെയുള്ള ഭീകരമായ കർമ്മങ്ങൾ ചെയ്യുന്നു, (രാജ്യങ്ങൾ പരസ്പരം) ഉപദ്രവിക്കാൻ തുടങ്ങിയാൽ യുദ്ധവും ആരംഭിക്കും.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും, പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം -**

1. പ്രഭുവിന്റെ ലഹരിയിൽ സ്വയം സ്വതന്ത്രമാക്കണം. ഒരു ബന്ധനത്തിലും കുടുങ്ങരുത്. മായയാകുന്ന എലിയെ വളരെയധികം സൂക്ഷിക്കണം. ശ്രദ്ധാലുക്കളായിരിക്കണം. മനസ്സിൽ ഒരു തരത്തിലുമുള്ള ചെകുത്താന്റെ ചിന്തകളും വരരുത്.

2. ബാബ തരുന്ന അളവില്ലാത്ത ധനത്തിന്റെ (ജ്ഞാന ധനം) സന്തോഷത്തിൽ ഇരിക്കണം. ഒരിക്കലും സംശയബുദ്ധിയുള്ളവരായി ക്ഷീണിക്കരുത്. വിദ്യാർത്ഥി ജീവിതമാണ് ഏറ്റവും ശ്രേഷ്ഠമായ ജീവിതം അതുകൊണ്ട് പഠിപ്പിൽ പരിപൂർണ്ണ ശ്രദ്ധ കൊടുക്കണം.

**വരദാനം- സദാ ജാഗ്രതയുള്ളവരായി (അലർട്ട്) ഇരുന്നുകൊണ്ട് സർവ്വരുടെയും ആശകളെ പൂർത്തീകരിക്കുന്ന മാസ്റ്റർ മുക്തി ജീവൻമുക്തി ദാതാവായി ഭവിക്കട്ടെ.**

ഇപ്പോൾ സർവ്വരുടേയും ആശകളെ പൂർത്തീകരിക്കണം എന്ന ശുഭസങ്കൽപം എല്ലാ കുട്ടികളിലും പ്രകടമാകണം.ജനനമരണങ്ങളിൽ നിന്നും മുക്തരാകണം എന്നാണ് എല്ലാവരുടെയും ആഗ്രഹം.അതിനാൽ താങ്കൾ അവർക്ക് ആ അനുഭവം ചെയ്യിക്കൂ.ഇതിനായി തന്റെ ശക്തിശാലിയും ,സതോപ്രധാനവുമായ വൈബ്രേഷനിലൂടെ പ്രകൃതിയുടെയും, മനുഷ്യാത്മാക്കളുടെയും മനോവൃത്തികളെ പരിവർത്തനപ്പെടുത്തൂ.മാസ്റ്റർദാതാവായി ഓരോ ആത്മാക്കളുടെയും ആഗ്രഹങ്ങളെ പൂർത്തീകരിച്ച് അവർക്ക് മുക്തിയുടെയും,ജീവൻമുക്തിയുടേയും ദാനം നൽകൂ.ഈ ഉത്തരവാദിത്തത്തിന്റെ ഓർമ്മ താങ്കളെ സദാ ജാഗ്രതയുള്ളവരാക്കും.

**സ്ലോഗൻ - മുരളീധരന്റെ മുരളീനാദത്തിൽ ശരീരത്തെപ്പോലും പാടെ മറക്കുന്നവരാണ് സത്യമായ ഗോപ-ഗോപികമാർ.**